അൻപിൻ രൂപി യേശുനാഥാ! നിന്നിഷ്ടം എന്നിഷ്ടമാക്ക – 2

കുരിശിൽ തൂങ്ങി മരിച്ചവനേ–എന്നെ തേടി വന്നവനേ

അൻപിൻ ...

മൃത്യുവിൻറെ താഴ്വരയിൽ–ഞാൻ തെല്ലും ഭയപ്പെടില്ല – 2

പാതാളത്തെ ജയിച്ചവനേ–നിന്നിൽ നിത്യം ആശ്രയിക്കും

അൻപിൻ ...

എന്തു ഞാൻ നിനക്കു നൽകും–എന്നെ വീണ്ട ദൈവമേ – 2

ഏഴയായി ഞാൻ കിടന്നു എന്നെ തേടി വന്നവനേ

അൻപിൻ ...

നിന്മുഖത്തു ഞാൻ നോക്കീടുമേ–വേറെയാരുമില്ലെനിക്ക് – 2

ദേവാ! നിൻ നിഴലിൽ കീഴിൽ–നിത്യം ചേർന്നു വസിച്ചിടും ഞാൻ

അൻപിൻ ...

എല്ലാം വെള്ളക്കുമിളപോലെ–മാറി മാറി മറഞ്ഞിടുമേ – 2

ഈ ലോകത്തിൻ പ്രഭാവങ്ങൾ–എല്ലാം മായ മായ തന്നെ

അൻപിൻ ...

എൻ ഹൃദയത്തെ നീയെടുത്തു നിത്യം എന്നിൽ വസിച്ചിടേണം – 2

എൻ സ്വന്തം യേശുവേ നീ താൻ–നിൻ സ്വന്തം  ഞാനിന്നുമെന്നും

അൻപിൻ ...

ജീവനോ മരണമതോ–ഏതായാലും സമ്മതം താൻ – 2

കുശവൻ കൈയിൽ കളിമൺപോൽ–ഗുരുവേ എന്നെ നൽകിടുന്നേ

അൻപിൻ ...

രോഗം നാശം നിന്ദ ദുഷി വേറെ എന്തുവന്നാലും – 2

വീഴും യേശുപാദത്തിൽ ഞാൻ–മുത്തം ചെയ്യും അവൻറെ പാദം

അൻപിൻ ...

An̽pin̽ roopi yeshunaathaa! Ninnishtam ennishtamaakka –2

kurishil̽ thoongi maricchavane–enne thedi vannavane

anpin ...

mruthyuvinte thaazhvarayil–njaan thellum bhayappedilla –2

paathaalatthe jayicchavane–ninnil nithyam aashrayikkum

anpin ...

enthu njaan ninakku nalkum–enne veenda dyvame –2

ezhayaayi njaan kidannu enne thedi vannavane

anpin ...

ninmukhatthu njaan nokkeedume–vereyaarumillenikku –2

devaa! Nin nizhalil keezhil–nithyam chernnu vasicchidum njaan

anpin ...

ellaam vellakkumilapole–maari maari maranjidume –2

ee lokatthin prabhaavangal–ellaam maaya maaya thanne

anpin ...

en hrudayatthe neeyeduthu nithyam ennil vasicchidenam –2

en svantham yeshuve nee thaan–nin svantham njaaninnumennum

anpin roopi...

jeevano maranamatho–ethaayaalum sammatham thaan –2

kushavan kyyil kalimanpol–guruve enne nalkidunne

anpin ...

rogam naasham ninda dushi vere enthuvannaalum –2

veezhum yeshupaadatthil njaan–muttham cheyyum avante paadam

anpin ...2